# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.10.2025**

### പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തി. നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ഈ മാസം 21 ന് കേരളത്തിലെത്തും.

2. കെട്ടിടങ്ങളുടെ വിസ്തൃതി പരിഗണിക്കാതെ വനഭൂമിയിൽ പട്ടയം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭയുടെ അനുമതി.

3. കാൻസർ ചികിത്സയ്ക്കായുള്ള സൗജന്യ യാത്രയ്ക്കായി കെ.എസ് ആർ.ടി.സി, ഹാപ്പി ലോങ്ങ് ലൈഫ് കാർഡ് അവതരിപ്പിക്കുമെന്ന് മന്ത്രി കെ.ബി ഗണേഷ് കുമാർ.

4. തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ തുറക്കും.

5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം ഇടുക്കി ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

PNU TVPM

6. രഞ്ജി ട്രോഫി ആദ്യ ദിനത്തിൽ കേരളത്തിനെതിരെ മഹാരാഷ്ട്ര 7 വിക്കറ്റ് നഷ്ടത്തിൽ 179 റൺസ് എന്ന നിലയിൽ.

**************************

## രാഷ്ട്രപതി - കേരളം

രാഷ്ട്രപതി ദ്രൗപദി മുർമുവുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാഷ്ട്രപതി ഭവനിൽ ഇന്ന് കൂടിക്കാഴ്ച നടത്തി. നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ഈ മാസം 21 നാണ് കേരളത്തിലെത്തുന്നത്. തിരുവനന്തപുരത്ത് രാഷ്ട്രപതിക്ക് ഔദ്യോഗിക സ്വീകരണം നൽകും. 22 ന് ശ്രീമതി മുർമു ശബരിമല ക്ഷേത്രം സന്ദർശിക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് ശബരിമലയിൽ പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കുന്നുണ്ട്. 23 ന് തിരുവനന്തപുരത്തും, കോട്ടയത്തും വിവിധ പരിപാടികളിൽ ശ്രീമതി മുർമു പങ്കെടുക്കും. 24 ന് എറണാകുളം സെൻറ് തെരേസാസ് കോളേജ് ശതാബ്ദി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്ത ശേഷം വൈകുന്നേരത്തോടെ രാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

RNU TVPM

**************************

## മന്ത്രിസഭായോഗം

നവംബർ ഒന്നിന് നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കാൻ ഗവർണറോട് ശുപാർശ ചെയ്യാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. കെട്ടിടങ്ങളുടെ വിസ്തൃതി പരിഗണിക്കാതെ വനഭൂമിയിൽ പട്ടയം അനുവദിക്കാനും മന്ത്രിസഭ അനുമതി നൽകി. കൊച്ചി ഇൻഫോപാർക്ക് ഒന്നാംഘട്ട ക്യാമ്പസിലെ 88 സെന്റ് ഭൂമിയിൽ നോൺ സെസ് ഐ.ടി കെട്ടിടം നിർമ്മിക്കുന്നതിനും മന്ത്രിസഭായോഗം ഭരണാനുമതി നല്കി.

****************************

## ഹാപ്പി ലോങ്ങ് ലൈഫ് -ഗണേഷ് കുമാർ (ഇൻട്രോ)

ഗതാഗത വകുപ്പ് വിപ്ലവകരമായ പദ്ധതികളാണ് വരുംവർഷങ്ങളിൽ ആസൂത്രണം ചെയ്യുന്നതെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ. തിരുവല്ലയിൽ വിഷൻ 2031 അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധി അടക്കം ഉപയോഗിച്ച് കെ.എസ് ആർ.ടി.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കും. കാൻസർ ചികിത്സയ്ക്കായുള്ള സൗജന്യ യാത്രകളിൽ കെ.എസ് ആർ.ടി.സി, ഹാപ്പി ലോങ്ങ് ലൈഫ് കാർഡ് അവതരിപ്പിക്കും. ആറ് മാസ കാലാവധിയുള്ള പഞ്ചിങ് കാർഡ് ഉപയോഗിച്ച് സൂപ്പർ ഫാസ്റ്റ് മുതൽ താഴോട്ടുള്ള വണ്ടികളിൽ സൗജന്യമായി യാത്ര ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു . (വോയിസ് ബൈറ്റ് )

****************************

## മന്ത്രി വി.ശിവൻകുട്ടി- ഹിജാബ്

കൊച്ചിയിൽ സ്വകാര്യ സ്കൂളിൽ ഹിജാബ് ധരിച്ചെത്തിയ കുട്ടിയെ പുറത്ത് നിർത്തിയ സംഭവം ചട്ട വിരുദ്ധമാണെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപോർട്ട് നൽകിയതായി മന്ത്രി വി. ശിവൻകുട്ടി. സ്കൂൾ മാനേജ്മെന്റിനോട് ഇത് സംബന്ധിച്ച് വിശദീകരണം തേടിയിട്ടുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങളും കോടതി വിധികളും മുൻനിർത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവൃത്തിക്കണമെന്ന നയമാണ് സർക്കാരിനുള്ളതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ഇടപെടലിന്റെ ഭാഗമായി, വിഷയത്തിൽ സ്കൂൾതലത്തിൽ സമവായം ഉണ്ടായെന്നാണ് നിലവിൽ വിവരം ലഭിക്കുന്നതെന്നും, സർക്കാരും ഈ സമവായം അംഗീകരിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

**************************

## പെപ്പർ സ്പ്രേ

തിരുവനന്തപുരം പുന്നമൂട് സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥി പെപ്പർ സ്പ്രേ ഉപയോഗിച്ചതിനെ തുടർന്ന് ദേഹാസ്വാസ്ഥ്യമുണ്ടായ 9 കുട്ടികളെയും ഒരു ടീച്ചറേയും മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. വിദ്യാർത്ഥികൾക്ക് മതിയായ ചികിത്സ ഉറപ്പാക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. വിദ്യാർത്ഥികളുടെ ആരോഗ്യ നില തൃപ്തികരമാണ്. ഒരു കുട്ടി തീവ്ര പരിചരണ വിഭാഗത്തിൽ നിരീക്ഷണത്തിലാണ്.

**************************

## കുടുംബ ബജറ്റ് സർവേ

കേരളത്തിലെ കാർഷിക-വ്യാവസായിക തൊഴിലാളികളുടെ മിനിമം വേതനത്തിലെ ക്ഷാമബത്ത നിശ്ചയിക്കുന്ന ഉപഭോക്തൃ വിലസൂചിക പരിഷ്കരണത്തിനായുള്ള കുടുംബ ബജറ്റ് സർവേക്ക് സംസ്ഥാനത്ത് നാളെ തുടക്കം. നിലവിൽ 2011-12 വർഷത്തെ ഉപഭോഗ രീതി അടിസ്ഥാനമാക്കിയുള്ള സൂചികയാണ് ഇതിനായി ഉപയോഗിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന സർവേയ്ക്കായി മിനിമം വേതന നിയമം ബാധകമായ 7,920 തൊഴിലാളി കുടുംബങ്ങളെ തിരഞ്ഞെടുക്കും. ഇതിനായി 21 അംഗ സംസ്ഥാനതല 'കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി' രൂപീകരിക്കാനും സർക്കാർ തീരുമാനിച്ചു.

**************************

## ഓട്ടോറിക്ഷ ലൈസൻസ്

ഓട്ടോറിക്ഷകൾ ഉൾപ്പെടുന്ന അപകടങ്ങൾ സംസ്ഥാനത്ത് ആശങ്കാജനകമായ വിധത്തിൽ വർദ്ധിച്ച സാഹചര്യത്തിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലൂടെ 59 ലൈസൻസുകൾ

RNU TVPM

റദ്ദാക്കിയതായി കേരള പോലീസ്. ട്രാഫിക് നിയമങ്ങൾ പാലിക്കാതെ അലക്ഷ്യമായുള്ള ഡ്രൈവിംഗ് ശ്രദ്ധയിൽപെട്ടാൽ 97 47 00 10 99 എന്ന ശുഭയാത്ര നമ്പറിൽ വിളിച്ച് റിപ്പോർട്ട് ചെയ്യാവുന്നതാണെന്നും പോലീസ് അറിയിച്ചു. ജൂൺ മുതൽ ഓഗസ്റ്റ് വരെ സംസ്ഥാനത്ത് ഓട്ടോറിക്ഷകൾ ഉൾപ്പട്ട 330 അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 108 എണ്ണം കാൽനടയാത്രക്കാരെ ഇടിച്ചിട്ടതാണ്.

***************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....**

**(ബ്രേക്ക്)**

***************************

## കെനിയൻ മുൻ പ്രധാനമന്ത്രി

കെനിയൻ മുൻ പ്രധാനമന്ത്രി റെയില ഒടുങ്കെ എറണാകുളം കൂത്താട്ടുകുളത്ത് അന്തരിച്ചു. സ്വകാര്യ നേത്രാശുപത്രിയിൽ ചികിത്സയ്ക്കെത്തിയതായിരുന്നു. ഹൃദയാഘാതത്തെ തുടർന്നാണ് അന്ത്യം. മൃതദേഹം കെനിയയിലേക്ക് കൊണ്ടുപോകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. റെയില ഒടുങ്കെയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി.

RNU TVPM

***************************

## ശബരിമല

തുലാമാസ പൂജകൾക്കായി ശബരിമല നട മറ്റന്നാൾ തുറക്കും. തുലാമാസം ഒന്നായ ഒക്ടോബർ 18 ന് രാവിലെ സന്നിധാനത്ത് ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് നടക്കും. രാഷ്ട്രപതി

ദ്രൗപദി മുർമുവിൻറെ സന്ദർശനത്തോടനുബന്ധിച്ച് ഈ മാസം 22 ന് ദർശനത്തിന് നിയന്ത്രണമുണ്ടാകും.

***************************

## മന്ത്രി വി.എൻ. വാസവൻ

ആറൻമുളയിലെ വള്ളസദ്യ വഴിപാടുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആചാര ലംഘന വിവാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് മന്ത്രി വി.എൻ.വാസവൻ. വള്ളസദ്യയ്ക്ക് ഒരു മാസത്തിന് ശേഷം ഇത്തരത്തിലൊരു വാർത്ത വന്നത് തികച്ചും ആസൂത്രിതമായ നീക്കമാണെന്നും അദ്ദേഹം പറഞ്ഞു.

***************************

## ആറന്മുള വള്ളസദ്യ -ആചാരലംഘനം

ആറന്മുള വള്ളസദ്യയിലെ ആചാരലംഘനവുമായി ബന്ധപ്പെട്ട് പരിഹാരക്രിയ ആവശ്യപ്പെട്ടത് ദേവസ്വം ബോർഡ് ആണെന്ന് ക്ഷേത്രം തന്ത്രി വ്യക്തമാക്കി. ആചാരലംഘനം നടന്നുവെന്ന് ചൂണ്ടിക്കാട്ടി ആറന്മുള അസിസ്റ്റന്റ് കമ്മീഷണറുടെ കത്ത് വന്നതിനാലാണ് പരിഹാരക്രിയകൾ നിർദ്ദേശിച്ചതെന്നും അദ്ദേഹം പറഞ്ഞു. വള്ളസദ്യയിൽ ആചാരലംഘനമുണ്ടായ സംഭവത്തിൽ പൂർണ്ണ ഉത്തരവാദി പള്ളിയോട സേവാ സംഘമാണെന്ന് ക്ഷേത്രോപദേശക സമിതി വിമർശനം ഉന്നയിച്ചു.

RNUTVPM

***************************

## സ്പർശ് ഔട്ട്റീച്ച് പരിപാടി (ഇൻട്രോ)

പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കാനുള്ള സ്പർശ് ഔട്ട്റീച്ച് പരിപാടിയുടെ ഉദ്ഘാടനം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ നാളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നിർവ്വഹിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

(വോയ്സ്)

***************************

## പങ്കജ് ധീർ - അന്തരിച്ചു

ദൂരദർശനിലെ 'മഹാഭാരതം പരമ്പരയിൽ കർണ്ണനായി പ്രേക്ഷക ഹൃദയങ്ങളിൽ ഇടം നേടിയ, നടൻ പങ്കജ് ധീർ അന്തരിച്ചു. 68 വയസ്സായിരുന്നു. 'രണ്ടാംവരവ്" എന്ന മലയാള ചിത്രത്തിലും അഭിനയിച്ചിട്ടുണ്ട്.

***************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തിപ്രാപിക്കും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളും മലപ്പുറവും, വയനാടും ഉൾപ്പെടെ 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ കോട്ടയം ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, 7 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നല്കിയിട്ടുണ്ട്. മഴയ്ക്കൊപ്പം ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 19 വരെയും കർണാടക തീരത്ത് മറ്റന്നാൾ മുതലും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ കടലാക്രമണത്തിനും സാധ്യതയുണ്ട്.

***************************

RNU TVPM

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റ് ആദ്യ ദിനം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ മഹാരാഷ്ട്ര 7 വിക്കറ്റ് നഷ്ടത്തിൽ 179 റൺസ് എന്ന നിലയിൽ. തുടക്കം മുതൽ ബാറ്റിങ്ങ് തകർച്ച നേരിട്ട മഹാരാഷ്ട്രയെ ഋതുരാജ് ഗെയ്ക്വാദ്, ജലജ് സക്സേന കൂട്ടുകെട്ടാണ് ഭേദപ്പെട്ട നിലയിലെത്തിച്ചത്. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ടോസ് നേടിയ കേരളം മഹാരാഷ്ട്രയെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു. ഈ സീസണിലെ കേരളത്തിൻറെ ആദ്യ മത്സരമാണിത്.

***************************

## സ്കൂൾ കായിക മേള

67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയോട് അനുബന്ധിച്ച് സ്വർണ്ണക്കപ്പ് വഹിച്ചുകൊണ്ടുള്ള വിളംബര ഘോഷയാത്ര നാളെ രാവിലെ എട്ടുമണിക്ക് കാഞ്ഞങ്ങാട് നിന്നും ആരംഭിക്കും. വിവിധ ജില്ലകളിലെ പര്യടനത്തിനുശേഷം ഇരുപത്തിയൊന്നാം തീയതി തിരുവനന്തപുരത്ത് ഘോഷയാത്ര സമാപിക്കും. ഒളിമ്പിക്സ് മാതൃകയിൽ നടക്കുന്ന കായിക മേളയ്ക്ക് ഈ വർഷം ആദ്യമായാണ് സ്വർണക്കപ്പ് ഏർപ്പെടുത്തിയത്.

RNU TVPM

******************************************************

***************************